# Athmaraksha.org

പാപ്പ ലോകത്തിന നൽകുന്ന സന്ദേശം

## സമാധാനം നിലനിറുത്തുക : ഫ്രാൻസീസ് പാപ്പ



ജീവിതത്തെ സമാധാനത്തിലേക്ക് നയിക്കാൻ നമ്മൾ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തി ക്കണം. നമ്മൾ ജീവിക്കുന്ന നമ്മുടെ ചുറ്റുപാട്, പ്രധാനമായും കുടുംബ ങ്ങൾക്കിടയിൽ ഉണ്ടാകുന്ന സമ്മർദ്ദങ്ങൾ, ഇവയ്ക്കെല്ലാം സ്നേഹത്തോടെയുള്ള ചെറിയ പ്രകടനങ്ങൾ ക്കുവരെ വലിയ വിലയുള്ളതാണ് എന്ന് പോപ്പ്ഫ്രാൻസീസ് പറഞ്ഞു. സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ചേർന്ന പ്രാർത്ഥനയിലാണ് പോപ് ഇങ്ങനെ പറഞ്ഞത്. ഒപ്പം പുതിയ ഇരുപത് കർദ്ദിനാൾമാരുടെ പേരുകൾ പ്രഖ്യാപിക്കുകയും ചെയ്തു.

ലോകസമാധാനദിനമായ ജനുവരി ഒന്നിനെ അഭിസംബോധന ചെയ്തുകൊണ്ട് അടിമ ത്തത്തിനെതിരെ പോപ് പറഞ്ഞു: "മനുഷ്യൻ മനുഷ്യനെത്തന്നെ അടിമകളായി കണ്ട് ചൂഷണം ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണം. എല്ലാ മനുഷ്യരും കൊതി ക്കുന്നതും ആശിക്കുന്നതും സമാധാനമാണ്. അതുകൊണ്ടുതന്നെ നിർബന്ധമായും സമാധാനം പുന:സ്ഥാപിക്കാൻ നാം ശ്രമിക്കണം. വിദ്വേഷങ്ങളോട് എതിരായി പെരുമാറുമെന്നും എല്ലാത്തിനോടും പൊരുത്തപ്പെട്ട് പോകുമെന്നും നമ്മുടെ ഉള്ളിൽതന്നെ തീരുമാനം എടുക്കുക. സമാധാനമില്ലാതെ നല്ലൊരു ഭാവി നമുക്കുണ്ടാകില്ല.

ഈ വർഷം പുതിയ പ്രതീക്ഷകൾകൊണ്ട് നമ്മുടെ ഹൃദയത്തെ വീണ്ടും ജ്വലിപ്പിക്കാം. അതിലൂടെ സമാധാനത്തിന്റെയും ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും പരിണിത ഫലം ലഭ്യമാകും. കുടുംബങ്ങൾതമ്മിലുള്ള സ്നേഹം നിലനിറുത്താൻ നമുക്ക് ഉത്തര വാദിത്തമുണ്ട്. കുടുംബങ്ങൾതമ്മിലുള്ള സ്നേഹം, സമ്മർദ്ദങ്ങൾ ഇല്ലാതാക്കാൻ സഹാ യിക്കുന്നു. നല്ല മുദ്രകൾ പുതിയ പ്രതീക്ഷകളാണ്. അത് സമാധാനത്തിന്റെ പുതുവഴി തുറക്കുന്നു."

കന്യാമറിയത്തെക്കുറിച്ച് പറഞ്ഞാണ് പാപ്പാ പ്രസംഗം അവസാനിപ്പിച്ചത്. "നമ്മുടെ ജീവി തത്തിലെ ചെറിയ ബുദ്ധിമുട്ടുകളിലും ക്ലേശങ്ങളിലും കന്യാമറിയം കൂടെ യുണ്ടാകും. ലോകത്താകമാനം സമാധാനവും സ്നേഹവും നിലനിറുത്താൻ കന്യാമറിയത്തോട് അപേക്ഷിക്കാം."